**മധുരമായ കുട്ടികളേ- ബാബയ്ക്ക് സമാനം ദയാഹൃദയരാകൂ, ദയാഹൃദയരായ കുട്ടികൾ എല്ലാവരേയും ദുഃഖത്തിൽ നിന്നും മോചിപ്പിച്ച് പതിതത്തിൽ നിന്നും പാവനമാക്കി മാറ്റുന്നതിനുള്ള സേവനം ചെയ്യും.**

**ചോദ്യം:-** മുഴുവൻ ലോകത്തിന്റേയും ആവശ്യം എന്താണ്? ബാബയ്ക്കല്ലാതെ മറ്റാരെക്കൊണ്ടും പൂർത്തിയാക്കാൻ സാധിക്കാത്തത്?

**ഉത്തരം:-** മുഴുവൻ ലോകത്തിന്റേയും ആവശ്യം ശാന്തിയും സുഖവും ലഭിക്കണം എന്നതാണ്. മുഴുവൻ കുട്ടികളുടേയും വിളി കേട്ട് ബാബ വരുന്നു. പരിധിയില്ലാത്ത അച്ഛനാണ് അതിനാൽ ബാബയ്ക്ക് വളരെ അധികം ചിന്തയുണ്ട് എന്റെ മക്കളെ എങ്ങനെ ദുഃഖിയിൽ നിന്നും സുഖിയാക്കി മാറ്റുമെന്ന്. ബാബ പറയുന്നു- കുട്ടികളേ, പഴയ ലോകവും എന്റേതുതന്നെയാണ്, എല്ലാവരും എന്റെ മക്കളാണ്, ഞാൻ വന്നിരിക്കുകയാണ് എല്ലാവരേയും ദുഃഖത്തിൽ നിന്നും മോചിപ്പിക്കാൻ. ഞാൻ മുഴുവൻ ലോകത്തിന്റേയും അധികാരിയാണ്, എനിക്കുതന്നെ ഇതിനെ പതിതത്തിൽ നിന്നും പാവനമാക്കി മാറ്റണം.

**ഓം ശാന്തി**. അച്ഛൻ കുട്ടികളെ പാവനമാക്കി മാറ്റുകയാണ്. അതിനാൽ തീർച്ചയായും അച്ഛനോട് സ്നേഹമുണ്ടായിരിക്കണം. തീർച്ചയായും പരസ്പരം സഹോദര സ്നേഹം നല്ലതാണ്. ഒരു അച്ഛന്റെ കുട്ടികൾ എല്ലാവരും പരസ്പരം സഹോദരങ്ങളാണ്. പക്ഷേ പാവനമാക്കി മാറ്റുന്നത് ഒരേ ഒരു അച്ഛനാണ് അതിനാൽ എല്ലാ കുട്ടികളുടേയും മുഴുവൻ സ്നേഹവും ഒരു അച്ഛനോടാണ്. അച്ഛൻ പറയുന്നു- കുട്ടികളേ, എന്നെ മാത്രം ഓർമ്മിക്കൂ. നിങ്ങൾ സഹോദരങ്ങളാണ് അതിനാൽ പരസ്പരം പാൽക്കടലായിരിക്കും ഇത് ശരിതന്നെയാണ്. ഒരു അച്ഛന്റെ മക്കളാണ്. ആത്മാവിലാണ് ഇത്രയും സ്നേഹമുള്ളത്. ദേവതാ പദവി പ്രാപ്തമാക്കുകയാണ് അതിനാൽ പരസ്പരം വളരെ അധികം സ്നേഹമുണ്ടായിരിക്കണം. നമ്മൾ സഹോദരങ്ങളാകുന്നു. അച്ഛനിൽ നിന്നും സമ്പത്ത് എടുക്കുന്നു. അച്ഛൻ വന്ന് പഠിപ്പിക്കുന്നു. ആരാണോ മനസ്സിലാക്കുന്നവർ അവർക്ക് അറിയാം ഇത് സ്ക്കൂൾ അഥവാ വളരെ വലിയ യൂണിവേഴ്സിറ്റിയാണ്. അച്ഛൻ എല്ലാവർക്കും ദൃഷ്ടി നൽകുന്നു അഥവാ ഓർമ്മിക്കുന്നു. പരിധിയില്ലാത്ത അച്ഛനെ മുഴുവൻ ലോകത്തിലേയും സമസ്ത മനുഷ്യാത്മാക്കളും ഓർമ്മിക്കുന്നുണ്ട്. പഴയതായാലും പുതിയതായാലും മുഴുവൻ ലോകവും അച്ഛന്റേതുതന്നെയാണ്. പുതിയ ലോകം അച്ഛന്റേതാണെങ്കിൽ എന്താ പഴയത് അച്ഛന്റേതല്ലേ? അച്ഛൻതന്നെയാണ് എല്ലാവരേയും പാവനമാക്കി മാറ്റുന്നത്. പഴയലോകവും എന്റേതുതന്നെയാണ്. മുഴുവൻ ലോകത്തിന്റേയും ഉടമസ്ഥൻ ഞാനാണ്. ഞാൻ പുതിയ ലോകത്തിൽ രാജ്യം ഭരിക്കുന്നില്ലെങ്കിലും ലോകം എന്റേതുതന്നെയല്ലേ. എന്റെ കുട്ടികൾ എന്റെ ഈ വലിയ വീട്ടിൽ സുഖമായിരിക്കുന്നു എന്നിട്ട് പിന്നീട് ദുഃഖവും അനുഭവിക്കുന്നു. ഇത് കളിയാണ്. ഈ പരിധിയില്ലാത്ത മുഴുവൻ ലോകവും എന്റെ വീടാണ്. ഇത് വലിയ സ്റ്റേജല്ലേ. അച്ഛന് അറിയാം വീട്ടിലുള്ളത് മുഴുവൻ എന്റെ കുട്ടികളാണ്. മുഴുവൻ ലോകത്തേയും നോക്കുന്നുണ്ട്. എല്ലാവരും ചൈതന്യമാണ്. മുഴുവൻ കുട്ടികളും ഈ സമയത്ത് ദുഃഖികളാണ് അതിനാലാണ് വിളിക്കുന്നത് ബാബാ അല്ലയോ ശാന്തിദേവാ ഞങ്ങളെ ഈ മോശമായ, ദുഃഖത്തിന്റെ ലോകത്തിൽ നിന്നും ശാന്തിയുടെ ലോകത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകൂ. അച്ഛനെത്തന്നെയാണ് വിളിക്കുന്നത്. ദേവതകളോട് പറയാൻ കഴിയില്ല. എല്ലാവരുടേയും അച്ഛൻ ഒരേ ഒരു ബാബയാണ്. ബാബയ്ക്ക് മുഴുവൻ ലോകത്തിന്റേയും കാര്യത്തിൽ ചിന്തയുണ്ട്. പരിധിയില്ലാത്ത വീടാണ്. അച്ഛന് അറിയാം ഈ പരിധിയില്ലാത്ത വീട്ടിൽ ഈ സമയത്ത് എല്ലാവരും ദുഃഖികളാണ് അതിനാലാണ് ശാന്തിദേവാ, സുഖദേവാ എന്ന് വിളിക്കുന്നത്. രണ്ട് കാര്യങ്ങൾ ആവശ്യപ്പെടുന്നില്ലേ. ഇപ്പോൾ അറിയാം നമ്മൾ പരിധിയില്ലാത്ത അച്ഛനിൽ നിന്നും സമ്പത്ത് നേടുകയാണ്. അച്ഛൻ വന്ന് നമുക്ക് സുഖവും നൽകുന്നു ശാന്തിയും നൽകുന്നു. സുഖവും ശാന്തിയും നൽകുന്നവരായി മറ്റാരുമില്ല. അച്ഛനുമാത്രമാണ് ദയ തോന്നുന്നത്. ബാബയാണ് പരിധിയില്ലാത്ത അച്ഛൻ. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ ബാബയുടെ കുട്ടികൾ എപ്പോഴാണോ പവിത്രമായിരുന്നത് അപ്പോൾ വളരെയധികം സുഖികളായിരുന്നു. ഇപ്പോൾ അപവിത്രമായതിനാൽ ദുഃഖിയായിരിക്കുന്നു. കാമചിതയിൽ ഇരുന്ന് കറുത്ത് പതിതമാകുന്നു. പ്രധാനകാര്യം അച്ഛനെ മറന്നുപോയി എന്നതാണ്. ആരാണോ ഇത്രയും ഉയർന്ന പദവി നൽകിയത് ആ അച്ഛനെ മറന്നു. പാടുന്നുണ്ട് അങ്ങുതന്നെയാണ് മാതാവും പിതാവും....... സുഖം അളവില്ലാത്തത് ഉണ്ടായിരുന്നു. അതുപോലെ വീണ്ടും നിങ്ങൾ ഇപ്പോൾ എടുക്കുകയാണ് എന്തുകൊണ്ടെന്നാൽ ഇപ്പോൾ ദുഃഖം അളവില്ലാത്തതുണ്ട്. ഇത് തമോപ്രധാന ലോകമാണ്. വിഷയസാഗരത്തിൽ ചതിയിൽ പെട്ടുകൊണ്ടിരിക്കുന്നു. ഒന്നും മനസ്സിലാക്കുന്നില്ല. നിങ്ങൾക്ക് ഇപ്പോൾ എല്ലാം മനസ്സിലായി. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ഇത് അതിഘോരമായ നരകമാണ്.

അച്ഛൻ കുട്ടികളോട് ചോദിക്കുന്നു– ഇപ്പോൾ നിങ്ങൾ നരകവാസിയാണോ അതോ സ്വർഗ്ഗവാസിയാണോ? ആരെങ്കിലും മരിക്കുകയാണെങ്കിൽ ഉടനെ പറയും സ്വർഗ്ഗവാസിയായെന്ന് അർത്ഥം മുഴുവൻ ദു:ഖത്തിൽ നിന്നും രക്ഷപ്പെട്ടു. പിന്നീട് നരകത്തിലെ സാധനങ്ങൾ അവരെ കഴിപ്പിക്കുന്നത് എന്തിനാണ്? ഇതും മനസ്സിലാക്കുന്നില്ല. അച്ഛൻ വന്ന് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു. നിങ്ങൾ കുട്ടികളെ രാജയോഗം പഠിപ്പിക്കുന്നു. അച്ഛൻ പറയുന്നു മധുരമായ കുട്ടികളേ, ഞാൻ നിങ്ങളെ ഈ ജ്ഞാനം കേൾപ്പിക്കുകയാണ്. എന്നിലാണ് ഈ ജ്ഞാനമുള്ളത്. ജ്ഞാനസാഗരൻ ഞാൻതന്നെയാണ്. പറയാറുണ്ട് ഇവർ ശാസ്ത്രങ്ങളുടെ അധികാരിയാണെന്ന്. പക്ഷേ അവരും ആത്മാക്കൾതന്നെയല്ലേ, ഇതും മനസ്സിലാക്കുന്നില്ല. അച്ഛനെപ്പോലും അറിയില്ല. വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്ന അച്ഛനെ തൂണിലും തുരുമ്പിലും എല്ലാത്തിലും ഉണ്ടെന്നു പറയുന്നു. വ്യാസഭഗവാൻ എന്തെല്ലാം കാര്യങ്ങളാണ് എഴുതിവെച്ചിരിക്കുന്നത്. മനുഷ്യർക്ക് ഒന്നും അറിയില്ല. തീർത്തും അനാഥരായി മാറി പരസ്പരം വഴക്കടിച്ചുകൊണ്ടിരിക്കുന്നു. രചയിതാവായ അച്ഛനേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തേയും ആരും അറിയുന്നില്ല. അച്ഛൻ തന്റേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റേയും രഹസ്യം മനസ്സിലാക്കിത്തരുന്നു. ബാക്കി ആർക്കും പറഞ്ഞുതരാൻ കഴിയില്ല. നിങ്ങൾ ആരോട് വേണമെങ്കിലും ചോദിച്ചോളു– ആരെയാണോ ഈശ്വരൻ, ഭഗവാൻ, രചയിതാവ് എന്ന് വിളിക്കുന്നത് അവരെ നിങ്ങൾക്ക് അറിയാമോ? എന്താ ഈശ്വരനെ അറിയുക എന്നാൽ കല്ലിലും മുള്ളിലും ഈശ്വരനുണ്ട് എന്ന് പറയുന്നതാണോ? ആദ്യം സ്വയം ആരാണെന്ന് മനസ്സിലാക്കു. മനുഷ്യൻ തമോപ്രധാനമായതിനാൽ ജീവികളും തമോപ്രധാനമാണ്. മനുഷ്യൻ സതോപ്രധാനമാകുമ്പോൾ എല്ലാം സുഖികളാകുന്നു. എങ്ങനെയാണോ മനുഷ്യർ അതുപോലെയാണ് അവരുടെ ഫർണിച്ചേഴ്സ്. ധനികരുടെ ഫർണിച്ചേഴ്സും വളരെ നല്ലതായിരിക്കും. നിങ്ങൾ വളരെ സുഖിയും വിശ്വത്തിന്റെ അധികാരിയുമായി മാറുമ്പോൾ നിങ്ങളുടെ അടുത്തുള്ള എല്ലാം സുഖദായിയായി മാറും. അവിടെ ദുഃഖദായിയായ ഒരു വസ്തുവും ഉണ്ടാകില്ല. ഈ നരകം തന്നെയാണ് വളരെ മോശമായ ലോകം.

ബാബ വന്ന് മനസ്സിലാക്കിത്തരുന്നു ഭഗവാൻ ഒന്നേയുള്ളു, അവർ തന്നെയാണ് പതിതപാവനൻ. സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുകയാണ്. ദേവതകളുടെ മഹിമ പാടാറുണ്ട് സർവ്വഗുണ സമ്പന്നൻ....... ക്ഷേത്രങ്ങളിൽ ചെന്ന് ദേവതകളുടെ മഹിമയും തന്റെ നിന്ദയും ചെയ്യുന്നു എന്തുകൊണ്ടെന്നാൽ എല്ലാവരും ഭ്രഷ്ടാചാരികളാണ്. ശ്രേഷ്ഠാചാരിയും സ്വർഗ്ഗവാസിയുമായത് ഈ ലക്ഷ്മീ നാരായണന്മാരാണ് ഇവരെയാണ് എല്ലാവരും പൂജിക്കുന്നത്. സന്യാസികളും പൂജിക്കുന്നുണ്ട്. സത്യയുഗത്തിൽ ഇങ്ങനെയുണ്ടാകില്ല. നിങ്ങളുടെ സന്യാസം പരിധിയില്ലാത്തതാണ്. പരിധിയില്ലാത്ത അച്ഛൻ വന്ന് പരിധിയില്ലാത്ത സന്യാസം ചെയ്യിക്കുന്നു. അവർ ചെയ്യുന്നത് ഹഠയോഗമാണ്, പരിധിയുള്ള സന്യാസമാണ്. ആ ധർമ്മം തന്നെ വേറെയാണ്. അച്ഛൻ പറയുന്നു നിങ്ങൾ തന്റെ ധർമ്മത്തെ മറന്ന് എത്ര ധർമ്മങ്ങളിലേയ്ക്ക് ചെന്നുകയറിയിരിക്കുന്നു. തന്റെ ഭാരതത്തിന് ഹിന്ദുസ്ഥാൻ എന്ന് പേരുവെച്ചു പിന്നീട് ഹിന്ദുധർമ്മം എന്ന് പറയാൻ തുടങ്ങി. വാസ്തവത്തിൽ ഹിന്ദു എന്ന ധർമ്മം ആരും സ്ഥാപിച്ചിട്ടില്ല. മുഖ്യമായത് നാല് ധർമ്മങ്ങളാണ്– ദേവീദേവത, ഇസ്ലാം, ബുദ്ധധർമ്മം പിന്നെ ക്രിസ്തുധർമ്മം. നിങ്ങൾക്ക് അറിയാം ഈ മുഴുവൻ ലോകവും ഒരു ദ്വീപാണ്, ഇതിൽ രാവണന്റെ ഭരണമാണ്. രാവണനെ കണ്ടിട്ടുണ്ടോ? ആരെയാണോ കൂടെക്കൂടെ കത്തിക്കുന്നത് ആ രാവണൻ വളരെ പഴയ ശത്രുവാണ്. നമ്മൾ എന്തിനാണ് കത്തിക്കുന്നത് എന്നതുപോലും അറിയില്ല. ഇത് ആരാണ്? എപ്പോൾ മുതലാണ് കത്തിക്കാൻ തുടങ്ങിയത്? എന്നതെല്ലാം അറിയണമല്ലോ. പരമ്പരയായി നടക്കുന്നതാണ് എന്ന് കരുതുന്നു. അല്ല, അതിനും ഒരു കണക്ക് ഉണ്ടാകുമല്ലോ. നിങ്ങളെ ആർക്കും അറിയില്ല. നിങ്ങളോട് ആരെങ്കിലും ചോദിക്കും നിങ്ങൾ ആരുടെ കുട്ടികളാണ്? നമ്മൾ ബ്രഹ്മാകുമാരികളും ബ്രഹ്മാകുമാരന്മാരുമാണെങ്കിൽ ബ്രഹ്മാവിന്റെ കുട്ടികളല്ലേ. ബ്രഹ്മാവ് ആരുടെ കുട്ടിയാണ്? ശിവബാബയുടെ. നമ്മൾ അവരുടെ പേരക്കുട്ടികളാണ്. സർവ്വാത്മാക്കളും ബാബയുടെ കുട്ടികളാണ്. ശരീരം കൊണ്ട് ആദ്യം ബ്രാഹ്മണനാകുന്നു. പ്രജാപിതാവല്ലേ ബ്രഹ്മാവ്. ഇത്രയും പ്രജകളെ എങ്ങനെയാണ് രചിക്കുന്നത്, അത് നിങ്ങൾക്ക് അറിയാം. ഇവിടെ ദത്തെടുക്കുകയാണ്. ശിവബാബ ബ്രഹ്മാബാബയിലൂടെ ദത്തെടുക്കുകയാണ്. മേളയും നടക്കുന്നുണ്ട്. വാസ്തവത്തിൽ മേള നടക്കേണ്ടത് ഏറ്റവും വലിയ ബ്രഹ്മപുത്രാനദി സാഗരത്തിൽ ചെന്നുചേരുന്നിടത്താണ്. ഈ സംഗമത്തിൽ മേള വെയ്ക്കണം. ഈ മേള ഇവിടെയാണ്. ബ്രഹ്മാവ് ഇരിക്കുന്നുണ്ട്, നിങ്ങൾക്ക് അറിയാം അച്ഛനുമാണ് മാത്രമല്ല വലിയ അമ്മയും ഇതുതന്നെയാണ്. പക്ഷേ പുരുഷനായതിനാൽ മമ്മയ്ക്ക് പ്രാധാന്യം നൽകിയിരിക്കുന്നു, അതായത് നിങ്ങൾ ഈ മാതാക്കളെ സംരക്ഷിക്കൂ എന്നുപറഞ്ഞ് ഏൽപ്പിച്ചു. അച്ഛൻ പറയുന്നു ഞാൻ നിങ്ങൾക്ക് സദ്ഗതി നൽകുന്നു. നിങ്ങൾക്ക് അറിയാം ഈ ദേവതകൾ ഡബിൾ അഹിംസകരാണ് എന്തെന്നാൽ അവിടെ രാവണൻ ഉണ്ടാകില്ല. ഭക്തിയിലൂടെയാണ് രാത്രിയുണ്ടാകുന്നത്, ജ്ഞാനത്തിലൂടെ പകലും. ജ്ഞാനസാഗരൻ ഒരേ ഒരു അച്ഛനാണ് പക്ഷേ അച്ഛനെ സർവ്വവ്യാപി എന്നാണ് പറയുന്നത്. അച്ഛനാണ് വന്ന് പറഞ്ഞുതരു

ന്നതും അതും കുട്ടികൾക്കാണ് പറഞ്ഞുതരുന്നത്. ശിവഭഗവാന്റെ വാക്കുകളല്ലേ. ശിവജയന്തി അഘോഷിക്കുന്നുണ്ട് എങ്കിൽ തീർച്ചയായും ആരിലെങ്കിലും വന്നിട്ടുണ്ടാകും. പറയുന്നു എനിക്ക് പ്രകൃതിയുടെ ആധാരം എടുക്കേണ്ടതായി വരുന്നു. ഞാൻ ഒരു ചെറിയ കുട്ടിയെയല്ല ആധാരമായി എടുക്കുന്നത്. കൃഷ്ണൻ കുട്ടിയല്ലേ. ഞാൻ അദ്ദേഹത്തിന്റെ അനേകം ജന്മങ്ങളുടെ അന്തിമ ജന്മത്തിൽ അതും വാനപ്രസ്ഥ അവസ്ഥയിലാണ് പ്രവേശിക്കുന്നത്. വാനപ്രസ്ഥ അവസ്ഥയ്ക്കു ശേഷമാണ് മനുഷ്യർ ഭഗവാനെ ഓർമ്മിക്കുന്നത്. പക്ഷേ ഭഗവാനെ യഥാർത്ഥ രീതിയിൽ ആർക്കും അറിയില്ല. അപ്പോഴാണ് അച്ഛൻ പറയുന്നത് യദാ യദാഹി......... ഞാൻ ഭാരതത്തിൽത്തന്നെയാണ് വരുന്നത്. ഭാരതത്തിന്റെ മഹിമ അപരമപാരമാണ്.

നോക്കൂ മനുഷ്യർക്ക് ദേഹത്തിന്റെ അഹങ്കാരം എത്രയാണ്– ഞാൻ ഇന്നയാളാണ്, ഇന്നതാണ്! ഇപ്പോൾ അച്ഛൻ വന്ന് നിങ്ങളെ ദേഹീ അഭിമാനിയാക്കി മാറ്റുന്നു. മധുര മധുരമായ ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛൻ ഇരുന്ന് മുഴുവൻ രഹസ്യങ്ങളും പറഞ്ഞുതരുന്നു. ഇത് പഴയലോകമാണ്. സത്യയുഗമാണ് പുതിയ ലോകം. സത്യയുഗത്തിൽ ആദി സനാതന ദേവീ ദേവതാ ധർമ്മം മാത്രമേ ഉണ്ടായിരുന്നുള്ളൂ. 5000 വർഷത്തിന്റെ കാര്യമാണ്. ശാസ്ത്രത്തിൽ പിന്നീട് വ്യാസൻ കല്പത്തിന്റെ ആയുസ്സ് ലക്ഷക്കണക്കിന് വർഷങ്ങളാണ് എന്ന് എഴുതിവെച്ചു. വാസ്തവത്തിൽ കല്പം 5000 വർഷത്തിന്റേതാണ്. മനുഷ്യർ തീർത്തും അജ്ഞാനത്തിന്റെ, കുംഭകർണ്ണനിദ്രയിൽ ഉറങ്ങിക്കിടക്കുകയാണ്. ഇപ്പോൾ നിങ്ങളുടെ ഈ കാര്യങ്ങൾ പുതിയ ആരെങ്കിലും കേൾക്കുകയാണെങ്കിൽ അവർക്ക് മനസ്സിലാകില്ല അതിനാലാണ് അച്ഛൻ പറയുന്നത് ഞാൻ എന്റെ കുട്ടികളോടാണ് സംസാരിക്കുന്നത് എന്ന്. ഭക്തിയും ആരംഭിക്കുന്നത് നിങ്ങളാണ്. സ്വയം തന്നെത്താൻ ചാട്ടവാറുകൊണ്ട് അടിച്ചു. അച്ഛൻ നിങ്ങളെ പൂജ്യരാക്കി മാറ്റി പിന്നീട് നിങ്ങൾ പൂജാരിയായി മാറി. ഇതും കളിയാണ്. ചിലർ വളരെ ലോലഹൃദയരായിരിക്കും അവർ കളി കണ്ടാൽപ്പോലും ചിലപ്പോൾ കരയും. അച്ഛൻ പറയുന്നു ആരാണോ കരഞ്ഞത് അവർ നഷ്ടപ്പെടുത്തി. സത്യയുഗത്തിൽ കരയേണ്ട കാര്യമില്ല. ഇവിടെയും അച്ഛൻ പറയുന്നു കരയരുത്. കരയുന്നത് ദ്വാപര കലിയുഗത്തിലാണ്. സത്യയുഗികൾ ഒരിയ്ക്കലും കരയുകയില്ല. അവസാന സമയത്ത് ആർക്കും കരയാനുള്ള സമയമേ ലഭിക്കില്ല. പെട്ടെന്ന് മരിച്ചുകൊണ്ടിരിക്കും. അയ്യോ രാമാ എന്ന് വിളിക്കാൻപോലും പറ്റില്ല. വിനാശം ഇങ്ങനെയാണ് ഉണ്ടാകുന്നത് അല്പംപോലും ദുഃഖമുണ്ടാകില്ല കാരണം ആശുപത്രി മുതലായ ഒന്നുംതന്നെ ഉണ്ടായിരിക്കില്ല സാധനങ്ങൾ അങ്ങനെയുള്ളതാണ് ഉണ്ടാക്കുന്നത്. അതിനാൽ അച്ഛൻ പറയുകയാണ് ഞാൻ രാവണന്റെ മേൽ വിജയം നേടാനായി നിങ്ങൾ കുരങ്ങന്മാരുടെ സേനയെ ഉപയോഗിക്കുകയാണ്. ഇപ്പോൾ അച്ഛൻ നിങ്ങൾക്ക് യുക്തി പറഞ്ഞുതരുകയാണ്– രാവണനുമേൽ വിജയം നേടേണ്ടത് എങ്ങനെയാണ്? മുഴുവൻ സീതമാരേയും രാവണന്റെ ചങ്ങലയിൽ നിന്നും മോചിപ്പിക്കണം. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ഭഗവാനുവാച, കുട്ടികളോടാണ് അച്ഛൻ പറയുന്നത് മോശമായത് കേൾക്കരുത്...... ഏത് കാര്യങ്ങൾകൊണ്ടാണോ നിങ്ങൾക്ക് ഒരു ഉപകാരവുമില്ലാത്തത്, അതിൽ നിന്നും നിങ്ങളുടെ കാതുകളെ അടച്ചുപിടിക്കൂ. ഇപ്പോൾ നിങ്ങൾക്ക് ശ്രീമതം ലഭിക്കുന്നുണ്ട്. നിങ്ങളാണ് ശ്രേഷ്ഠമായി മാറുന്നത്. ഇവിടെയാണെങ്കിൽ ശ്രീ ശ്രീ എന്ന ടൈറ്റിൽ എല്ലാവർക്കും നൽകിയിരിക്കുന്നു. ശരി, എന്നിട്ടും അച്ഛൻ പറയുന്നു സ്വയം ആത്മാവാണെന്നു മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കൂ. എത്ര അത്ഭുതകരമായ വിജയത്തിന്റേയും തോൽവിയുടേയും ഈ പരിധിയില്ലാത്ത കളി അച്ഛൻ തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര–മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യ സാരം:–

1) ബാബയ്ക്കു സമാനം ദയാഹൃദയരായി മാറണം. എല്ലാവരേയും ദുഃഖത്തിൽ നിന്നും രക്ഷിച്ച് പാവനമാക്കി മാറ്റുന്നതിനുള്ള സേവനം ചെയ്യണം. പാവനമായി മാറുന്നതിനായി ഒരേ ഒരു ബാബയോട് വളരെ അധികം സ്നേഹം ഉണ്ടായിരിക്കണം.

2) ബാബ പറയുന്നു ആര് കരഞ്ഞോ അവർ നഷ്ടപ്പെടുത്തി അതിനാൽ എങ്ങനെയുള്ള പരിസ്ഥിതിയാണെങ്കിലും നിങ്ങൾ കരയരുത്.

**വരാദനം:- സ്വയത്തിന്റെ രാജ്യത്തിലൂടെ തന്റെ കൂടെയുള്ളവരെ സ്നേഹിയും സഹയോഗിയുമാക്കുന്ന മാസ്റ്റർ ദാതാവായി ഭവിക്കൂ**

രാജാവ് അർത്ഥം ദാതാവ്. ദാതാവിന് പറയുകയോ ചോദിക്കുകയോ വേണ്ടിവരില്ല. സ്വയം ഓരോരുത്തരും രാജാക്കൻമാർക്ക് തന്റെ സ്നേഹത്തിന്റെ ഉപഹാരം സമ്മാനിക്കുന്നു. താങ്കളും സ്വയത്തിൽ രാജ്യം ഭരിക്കുന്ന രാജാവാകൂ അപ്പോൾ ഓരോരുത്തരും താങ്കളുടെ മുന്നിൽ സഹയോഗത്തിന്റെ ഉപഹാരം സമ്മാനിക്കും. ആർക്കാണോ സ്വയത്തിൽ രാജ്യമുള്ളത് അവരുടെ മുന്നിൽ ലൗകിക, അലൗകിക കൂട്ടാളികൾ ഞാൻ തയ്യാർ, ഞാൻ ചെയ്യാം, എല്ലാം സമ്മതം എന്നു പറഞ്ഞുകൊണ്ട് സ്നേഹിയും-സഹയോഗികളുമായിരിക്കും. കുംടുംബത്തിൽ ഒരിക്കലും ആജ്ഞ നടപ്പാക്കരുത്, തന്റെ കർമ്മേന്ദ്രിയങ്ങളെ ആജ്ഞയിൽ നിർത്തണം അപ്പോൾ തന്റെ സർവ്വ കൂട്ടാളികളും താങ്കളുടെ സ്നേഹിയും, സഹയോഗിയുമായി തീരും.

**സ്ലോഗൻ:- സർവ്വ പ്രാപ്തികളുടേയും സാധനങ്ങളുണ്ടായിട്ടും വൃത്തി ഉപരാമമായിരിക്കണം അപ്പോൾ പറയും വൈരാഗ്യ വൃത്തി.**